# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1075 — 12/03/2015 ൽ മറുപടിക്ക്

## എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | എ.ഐ.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഹയർ സെക്കൻഡറി ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകർക്ക് എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടേതിനു സമാനമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | എ.ഐ.പി. സ്കൂൾ അദ്ധ്യാപകർക്ക് കെ.ഇ.ആർ വ്യവസ്ഥകൾ ബാധകമാക്കി സ.ഉ(എം.എസ്) നം.93/2013/പൊ.വി.വ തീയതി 14/3/2013 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകരെ കൂടി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | എ.ഐ.പി. ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് കെ.ഇ.ആർ, കെ.എസ്.ആർ വ്യവസ്ഥകൾ ബാധകമാക്കി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ തുടർനടപടി ആവശ്യമില്ല. |

സെക്ഷൻ ആഫീസർ